കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കവിയൂർ ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

**ഭരണഭാഷ-മാതൃഭാഷ**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട – 689 645

ഫോൺ: 0468 2223691

ഇ-മെയിൽ lfadpta@gmail.com


കെ.എസ്.എ.പിറ്റിഎ.പി7/156/2020

തീയതി: 16.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
കവിയൂർ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: കവിയൂർ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

കെ.എസ്.എ.പി.റ്റി.എ-പി7/156/2020 തീയതി: 16.03.2020

## പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 01.04.2018 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2018 മുതൽ 15.11.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

### എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി പി.കെ. വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2020മുതൽ 20.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. സി. അനിൽകുമാർ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി ജയപ്രഭ പി.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ലേഖാ ജനാർദ്ദനൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | **ശ്രീമതി ആശ എം.കുരുവിള, ഓഡിറ്റർ** |

ബി)<u>നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എലിസബത്ത് മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | 1. ശ്രീ. റ്റി. ബെന്നി | 01.04.2018 മുതൽ 24.06.2018 വരെ |
| | 2. ശ്രീ. ചന്ദ്രൻ ആർ. | 25.06.2018 മുതൽ 31.03.2019 വരെ |
| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ചെല്ലപ്പൻ പി.റ്റി. | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീ. ജയകുമാർ എ.എസ്. | 22.06.2018 മുതൽ 11.10.2018 വരെ |
| | ശ്രീ. റൈറ്റസ് പി. | 12.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. യശോധരൻ റ്റി.എസ്. | 01.04.2018 മുതൽ 01.03.2019 വരെ |
| | ശ്രീ. ശിഹാബുദ്ദീൻ കെ. | 02.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ഇന്ദു ഫിലിപ്പ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. റൂബിൻ മേരി റ്റി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബി. അജയകുമാർ | 01.04.2018 മുതൽ 02.08.2018 വരെ |
| | ശ്രീമതി ജിജമോൾ പി.കുര്യൻ (അഡീഷണൽ ചാർജ്ജ്) | 03.08.2018 മുതൽ 09.08.2018 വരെ 12.10.2018 മുതൽ 06.01.2019 വരെ |
| | ശ്രീമതി പി.കെ. ശ്രീകുമാരി | 10.08.2018 മുതൽ 11.10.2018 വരെ |
| | ശ്രീമതി അമ്പിളി | 07.01.2019 മുതൽ 05.02.2019 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി ജാസ്മിൻ വൈ. | 06.02.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സതീഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി ലതികാ കുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജെസ്സി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ലക്ഷ്മി വി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. രാജേഷ് റ്റി. ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അൻസീറാ ബി. | 01.04.2018 മുതൽ 15.07.2018 വരെ |
| | ശ്രീമതി പ്രഭ എസ് | 16.07.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 13 | തൊഴിൽനികുതിപിരിവിലെ അപാകതകൾ | 1-13 |
| | | |

| | | |
|---|---|---|
| 14 | വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല. | 1-14 |
| 15 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം | 1-15 |
| 16 | ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും കുറവ് ചെയ്തില്ല - സർക്കാർ ഫണ്ടിന് നഷ്ടം | 1-16 |
| 17 | കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.25കോടി രൂപ ലാപ്സാക്കി | 1-18 |
| 19 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 1-19 |
| 20 | സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്തിൽതിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 21 | പൊതു ടാപ്പുകളുടെ എണ്ണത്തേക്കാൾ കൂടുതൽ വാട്ടർ ചാർജ് അടവാക്കുന്നു | 1-21 |
| 22 | ആസ്തി സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-22 |
| 23 | സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതുമൂലം അധികച്ചെലവ് | 1-23 |
| 24 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 1-24 |
| 25 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 1-25 |
| 26 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-26 |
| 27 | അഗതിരഹിത കേരളം പദ്ധതിക്ക് മതിയായ തുക വകയിരുത്തിയില്ല | 1-27 |
| 28 | ആശ്രയ ഗുണഭോക്താക്കൾക്ക് പ്രത്യേക പദ്ധതികൾ - മുൻഗണനാക്രമം പാലിക്കുന്നില്ല | 1-28 |
| 29 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല | 1-29 |
| 30 | ജാഗ്രതാസമിതി - തുക വകയിരുത്തിയെങ്കിലും വിനിയോഗിച്ചില്ല | 1-30 |
| 31 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ ശേഷിക്കുന്നു | 1-31 |
| 32 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- ഫണ്ട് വകയിരുത്തിയെങ്കിലും ലഭ്യമാക്കിയില്ല | 1-32 |
| 33 | ശമ്പള പരിഷ്കരണകുടിശ്ശിക കുറവായി നൽകി | 1-33 |
| 34 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി - പ്രവർത്തനം | 1-34 |

| | | |
|---|---|---|
| | ക്രിയാത്മകമല്ല | |
| 35 | പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-35 |
| | ഭാഗം 2 | |
| 36 | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | 2-1 |
| | ഇല്ല | |
| | **ഭാഗം 3** | |
| 37 | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | 3-1 |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

20.03.2018 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.02.2019 തീയതിയിലെ I(2)-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| | |

| | |
|---|---|
| 31.07.2019 | 28.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8206767 |
| വരവ് | 65603599 |
| ആകെ | 73810366 |
| ചെലവ് | 67474786 |
| നീക്കിയിരിപ്പ് | 6335580 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10609000 | 10609000 | 9430287 | 1178713 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7301000 | 7301000 | 7226657 | 74343 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6575000 | 6575000 | 6364759 | 210241 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2750108 | 29892 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6604193 | 6604193 | 4817885 | 1786308 |
| റ്റി.എസ്.ബി | 695869 | 11003407 | 11699276 | 11153891 | 545385 |
| 1. എസ്.സി.ബി.(കവിയൂർ) | 7471039 | 10085064 | 17556103 | 12212288 | 5343815 |
| 2. ട്രഷറി | 695869 | 7060873 | 7756742 | 7211357 | 545385 |
| 3. ഡി.സി.ബി. | 780 | | 780 | | 780 |
| സി.ബി.ഐ.-കവിയൂർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 90577 | 715764 | 806341 | 758891 | 47450 |
| സി.ബി.ഐ.-പൈക | 20734 | 913 | 21647 | 177 | 21470 |
| ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി -ജോയ്ന്റ് വെഞ്ചർ | 139764 | 4985320 | 4845556 | 4706648 | 138908 |
| ബി. ഫണ്ട് | 0 | 19200 | 19200 | 19200 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 160 | 77617938 | 55 | 45723074 | 105 | 59 |

<u>പൊതുമരാമത്ത് പദ്ധതികളുടെ അവലോകനം</u>

(1) സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്ടിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തൻവർഷവും തയ്യാറാക്കിയിട്ടില്ല.

(2) സ്ട്രീറ്റ് ലൈനില്ലാത്ത പ്രധാനപ്പെട്ട റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതിവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതികൾ ആവിഷ്കരിച്ചത് ഒഴിച്ചാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല.

(3) ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ വാർഡ് അടിസ്ഥാനത്തിലുള്ളതാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(4) റോഡ് പ്രവൃത്തികൾക്ക് തൻ വർഷം എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

(5) പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ ഫയലിൽ ഒന്നിലും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും ആവശ്യമായ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ചെയ്യാതിരുന്നത് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. മോണിട്ടറിംഗ് കർശനവും കാര്യക്ഷമവുമാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

(6) പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്ന അസി.എഞ്ചിനിയർ ഫോറം 7A യിലുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ അംഗീകാരം ലഭിച്ച പ്രോജക്ട് പ്രഫോർമ ഉൾപ്പെടുത്താതെ പ്രത്യേകം സൂക്ഷിക്കുന്നു. ഭൂരിപക്ഷം പ്രവൃത്തികളുടെയും കരാർ ചമയ്ക്കുന്നതിനായുള്ള മുദ്ര

പത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി അസി.എഞ്ചിനിയറും കരാറുകാരനും ഒപ്പ് വയ്ക്കുന്നില്ല. കരാറിൽ സാക്ഷികൾ ഒപ്പ് വയ്ക്കുന്നില്ല. കരാറുടമ്പടിയിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് മാറ്റം വരുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും വർക്ക് ബിൽ കോപ്പിയുടെ പകർപ്പിൽ III-ാം ഭാഗമായ പേയ്മെന്റ് നല്കുന്ന പേജിൽ ഫൈനൽ ബിൽ തുകയുടെ വിവരം എഴുതി അസി.എഞ്ചിനിയർ ഒപ്പ് വയ്ക്കുന്നില്ല. ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ഭൂരിപക്ഷം പ്രവൃത്തികളുടെയും സെലക്ഷൻ നോട്ടീസിലോ എഗ്രിമെന്റിലോ കരാർ കാലാവധി രേഖപ്പെടുത്തുന്നില്ല. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തവർക്ക് പിഴ ചുമത്തിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുന്നില്ല. ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 90577.10 | 630519 | 721096 | 673646 | 47050.1 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13870000 | 13870000 | 13870000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19200 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 3258000 | 250 |
| വിധവാപെൻഷൻ | 6272900 | 511 |
| വാർദ്ധക്യകാലപെൻഷൻ | 11705900 | 958 |
| വികലാംഗപെൻഷൻ | 2261400 | 374 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 264400 | 22 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2020-ന് 2 pm -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 1446 (ആയിരത്തി നാന്നൂറ്റി നാല്പത്തിയാറ്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനമിടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും, ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലല്ല എല്ലാ വാങ്ങലുകളും നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

<u>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

പ്രതിമാസ ചെലവുകൾ കൃത്യമായി പരിശോധിച്ച് അംഗീകരിച്ചുവരുന്നു. നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കൂടി കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

<u>വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി</u>

വികസനകാര്യ സ്ഥിരം സമിതിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതിയായി മാറി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിന്റെ അനിവാര്യ ഘടകമാണ് മോണിറ്ററിംഗ്. ആയത് കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ഥിരം സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24,25 ജനവരി 2020 | 2019 സെപ്റ്റംബർ മുതൽ ഡിസംബർ വരെ | -ലഭിച്ചിട്ടില്ല- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2018 | 2012-13 മുതൽ 2016-17 വരെ | 04.04.2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വികസന ഫണ്ട് (ജനറൽ) – ചെലവ് തുക ACR -ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
2. PYKA – വരവുചെലവുകണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)കാര്യാലയത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

2)ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല.

ഉദാ:വെറ്റിനറി സർജന് നൽകിയ രസീത് ബുക്ക് നം. 17555 (രസീത് നം. 1മുതൽ 6 എണ്ണം മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത് ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.)

3)ഔട്ട് ഡോർ കളക്ഷനു ശേഷം രസീത് പ്രകാരം പിരിച്ചെടുത്ത തുകകൾ അന്നേദിവസം തന്നെ ബന്ധപ്പെട്ട മേൽ ഉദ്യോഗസ്ഥൻ രസീത് പ്രകാരമുള്ള തുക കളക്ഷൻ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രമേ സാംഖ്യയിൽ രേഖപ്പെടുത്താവുള്ളൂ. എന്നാൽ അങ്ങനെ ഒരു പരിശോധന കാര്യാലയത്തിൽ നടക്കുന്നില്ലായെന്ന് ഓഡിറ്റ വേളയിൽ ബോദ്ധ്യപ്പെട്ടു. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-13 തൊഴിൽനികുതിപിരിവിലെ അപാകതകൾ

**(എ) <u>നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല</u>**

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/12.02.2020) നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരുടെ ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്നും രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിനാൽ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) <u>റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ

റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. റേഷൻ റീട്ടെയിൽ ഡിപ്പോകളുടെ എണ്ണം, ലൈസൻസ് ഫീ, അവിടുത്തെ തൊഴിലാളികളുടെ തൊഴിൽ നികുതി എന്നിവ അടവാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/18.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തോട്ടഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 16 കടമുറികളും പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന 12 കടമുറികളും വാടകയ്ക്ക് നല്കിയിട്ടുണ്ട്. എല്ലാ വർഷവും വാടക 5% നിരക്കിൽ വർദ്ധിപ്പിച്ച് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഈ കടമുറികളെല്ലാം തന്നെ കൃത്യമായ കരാർ ചമയ്ക്കാതെയാണ് വാടകയ്ക്ക് നൽകുന്നത്. വാടകക്കാരിൽ നിന്ന് മുദ്രപത്രം വാങ്ങി വയ്ക്കുന്നുണ്ടെങ്കിലും കൃത്യമായി വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. ഇതുമൂലം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യത്തിൽ അതിന് കഴിയാതെ പോകുന്ന അവസ്ഥ ഉണ്ടാകുന്നതാണ്. ആയതിനാൽ ഇത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ വാടകക്കാരിൽ നിന്നും കൃത്യമായി ഉടമ്പടി ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതും ഉടമ്പടി വ്യവസ്ഥകൾ കൃത്യമായി പാലിക്കപെടുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-15 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 -ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 -ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി

എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കവിയൂർ ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടോയെന്ന് അസി. എഞ്ചിനിയർ വ്യക്തമാക്കിയില്ല. 2018-19 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2018-19 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടഎണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2015-16 | 17 | 129000 | 0 | 129000 |
| 2016-17 | 13 | 18420 | 0 | 18420 |
| 2017-18 | 3 | 6200 | 0 | 6200 |
| 2018-19 | 0 | 0 | 0 | 0 |
| ആകെ | 33 | 153620 | 0 | 153620 |

2015-16 മുതൽ 18-19 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/11-02-2020) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനീയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ഒടുക്കിയ ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-16 ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും കുറവ് ചെയ്തില്ല - സർക്കാർ ഫണ്ടിന് നഷ്ടം

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യേണ്ടതായിരുന്നു. റീടാറിംഗ് /ടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കുറവ് ചെയ്യാഞ്ഞതു മൂലം ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന | |
|---|---|---|---|---|
| | | | ബാരൽ വില @238/E | ജി.എസ്.ടി @18% |
| 1. | മനയ്ക്കച്ചിറ പുഞ്ച റോഡ് (176/18, 148/19) പുനരുദ്ധാരണം<br>അടങ്കൽ : 146000(MGR)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 145853<br>ബിൽ നം./ തീയതി തുക<br>45/18-19/12-03-19 145853/- | 6 | 1428 | 257 |
| 2. | ആറ്റ്പുറം ഇല്ലം റോഡ് പുനരുദ്ധാരണം (187/18, 153/19)<br>അടങ്കൽ : 200000(MGR)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 199377<br>ബിൽ നം./ തീയതി തുക<br>05/18-19/19-05-18 199377/- | 11 | 2618 | 471 |
| 3. | കാഞ്ഞിരംകുന്ന് ഉമ്പുങ്കൽ റോഡ് പുനരുദ്ധാരണം(158/18, 139/19)<br>അടങ്കൽ : 384000(MGR)<br>കരാറുകാരൻ: ജിനോ.പി.കുര്യൻ<br>പ്രവൃത്തിമൂല്ല്യം : 307393<br>ബിൽ നം./ തീയതി തുക<br>12/18-19/18-05-18 307393/- | 10 | 2380 | 428 |
| 4. | ശാന്തിനികേതനം KNM സ്കൂൾ റോഡ് പുനരുദ്ധാരണം(159/18, 140/19)<br>അടങ്കൽ : 584000 484000(MGR)<br>100000(CFC) | 10 | 2380 | 428 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ: പി.വിജയകുമാർ<br>പ്രവൃത്തിമൂല്ല്യം : 517712<br>ബിൽ നം./ തീയതി തുക<br>23/18-19/14-08-18 417712/-<br>24/18-19/14-08-18 33712/-<br>25/18-19/14-08-18 66287/- | | | |
| 5. | മുഞ്ഞനാട്ട് പടി മാരമല റോഡ് പുനരുദ്ധാരണം (185/18, 151/19)<br>അടങ്കൽ : 20000(MGR)<br>കരാറുകാരൻ: ജിനോ.പി.കുര്യൻ<br>പ്രവൃത്തിമൂല്ല്യം : 198717<br>ബിൽ നം./ തീയതി തുക<br>09/18-19/19-05-18 198717/- | 11 | 2618 | 471 |
| 6. | ഐക്കുഴി സെറ്റിൽമെൻറ് കോളനി റോഡ് വെള്ളക്കെട്ടുള്ള ഭാഗം ഉയർത്തലും പുനരുദ്ധാരണവും (150/18, 136/19)<br>അടങ്കൽ : 294000(MGR)<br>കരാറുകാരൻ: ജിനോ.പി.കുര്യൻ<br>പ്രവൃത്തിമൂല്ല്യം :277157<br>ബിൽ നം./ തീയതി തുക<br>07/18-19/19-05-18 277157/- | 10 | 2380 | 428 |
| 7. | വാര്യത്ത് പടി പുളിമലക്കുന്ന് തയ്യിപ്പടി റോഡ് പുനരുദ്ധാരണം(188/18, 154/19)<br>അടങ്കൽ : 175000(CFC)<br>കരാറുകാരൻ:ജയൻ.റ്റി.ജെ<br>പ്രവൃത്തിമൂല്ല്യം : 174112<br>ബിൽ നം./ തീയതി തുക<br>04/18-19/19-05-18 174112/- | 10 | 2380 | 428 |
| 8. | നന്നൂർ ദേവീ ക്ഷേത്രം റോഡ് | 7 | 1666 | 300 |

| | | | | |
|---|---|---|---|---|
| | പുനരുദ്ധാരണം (162/18, 142/19)<br>അടങ്കൽ : 126000(MGR)<br>കരാറുകാരൻ:ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 125950<br>ബിൽ നം./ തീയതി തുക<br>04/18-19/19-05-18 125950/- | | | |
| 9. | മർത്തോമ പള്ളിപ്പടി കണയമ്പാറ റോഡ് പുനരുദ്ധാരണം (156/18, 138/19)<br>അടങ്കൽ : 100000(MGR)<br>കരാറുകാരൻ: ജിനോ.പി.കുര്യൻ<br>പ്രവൃത്തിമൂല്ല്യം : 90470<br>ബിൽ നം./ തീയതി തുക<br>06/18-19/19-05-18 90470/- | 6 | 1428 | 257 |
| 9. | വാഴയിൽപ്പടി കോവൂർപ്പടി ചെമ്മരത്തിൽറോഡ് പുനരുദ്ധാരണം (163/18, 143/19)<br>അടങ്കൽ : 484000(MGR)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 404491<br>ബിൽ നം./ തീയതി തുക<br>15/18-19/31-07-18 404491/- | 22 | 5236 | 942 |
| 10. | മുട്ടത്ത് പാറ നെല്ലിമല മുണ്ടകം റോഡ് പുനരുദ്ധാരണം (172/18, 147/19)<br>അടങ്കൽ : 484000(MGR)<br>കരാറുകാരൻ:ജിനോ.പി.കുര്യൻ<br>പ്രവൃത്തിമൂല്ല്യം : 483024<br>ബിൽ നം./ തീയതി തുക<br>18/18-19/31-07-18 483024/- | 22 | 5236 | 942 |
| 11. | തോട്ടഭാഗം പള്ളിപ്പടി ആറ്റുപുറത്ത് കടവ് | 17 | 4046 | 728 |

| | | | | |
|---|---|---|---|---|
| | റോഡ് പുനരുദ്ധാരണം (164/18, 144/19)<br>അടങ്കൽ : 360000(MGR)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 314258<br>ബിൽ നം./ തീയതി തുക<br>02/18-19/19-05-18 483024/- | | | |
| 12. | കരിമാ മൂട്ടിൽ പാട്ടമ്പലം റോഡ് പുനരുദ്ധാരണം (152/18, 137/19)<br>അടങ്കൽ : 384000(MGR)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 350325<br>ബിൽ നം./ തീയതി തുക<br>46/18-19/12-03-19 330325/- | 18 | 4284 | 771 |
| 13. | കുഴിയാന്തൂർപ്പടി പെരുമ്പടി റോഡ് പുനരുദ്ധാരണം (160/18, 141/19)<br>അടങ്കൽ : 484000(MGR)<br>കരാറുകാരൻ: ജിനോ.പി.കുര്യൻ<br>പ്രവൃത്തിമൂല്ല്യം : 483008<br>ബിൽ നം./ തീയതി തുക<br>10/18-19/19-05-18 483008/- | 17 | 4046 | 728 |
| 14. | പുന്നിലം തുരുത്തുമല തകിടി റോഡ് പുനരുദ്ധാരണം (182/18, 149/19)<br>അടങ്കൽ : 400000(CFC)<br>കരാറുകാരൻ: പി.വിജയകുമാർ<br>പ്രവൃത്തിമൂല്ല്യം : 356697<br>ബിൽ നം./ തീയതി തുക<br>19/18-19/13-08-18 356697/- | 13 | 3094 | 557 |
| 15. | മാകാട്ടിക്കവല പയ്യമ്പള്ളി റോഡ് പുനരുദ്ധാരണം(146/18, 146/19) | 14 | 3332 | 600 |

| | | | | |
|---|---|---|---|---|
| | അടങ്കൽ : 438000 338000 (MGR)<br>100000 (CFC)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 400072<br>ബിൽ നം./ തീയതി തുക<br>44/18-19/12-03-19 400072/- | | | |
| 16. | കറ്റോട് പാലം വിഴൽ റോഡ് പുനരുദ്ധാരണം(167/18, 145/19)<br>അടങ്കൽ : 484000(MGR)<br>കരാറുകാരൻ: ജയൻ.ജെ<br>പ്രവൃത്തിമൂല്ല്യം : 437431<br>ബിൽ നം./ തീയതി തുക<br>48/18-19/12-03-19 338000/-<br>47/18-19/27-02-19 99431/- | 21 | 4998 | 900 |
| 17. | ആനന്ദഭവൻ കുന്നമ്മേൽപ്പടി റോഡ് പുനരുദ്ധാരണം(167/18, 145/19)<br>അടങ്കൽ : 450000(MGR)<br>കരാറുകാരൻ: ഐ.ജി.സുകുമാരൻ<br>പ്രവൃത്തിമൂല്ല്യം : 422331<br>ബിൽ നം./ തീയതി തുക<br>49/18-19/22-03-19 422331/- | 17 | 4046 | 728 |
| 18. | വാർഡ് 10 - വിവിധ റോഡുകളുടെ പുനരുദ്ധാരണം(59/17, 145/18, 156/19)<br>അടങ്കൽ : 354785(MGR)<br>കരാറുകാരൻ: കെ.പി.ജോൺ<br>പ്രവൃത്തിമൂല്ല്യം : 345983<br>ബിൽ നം./ തീയതി തുക<br>/16-17/30-03-17 84391/- | 15 | 3570 | 643 |

| | | | | |
|---|---|---|---|---|
| | 11/18-19/19-05-18 233484/- | | | |
| 19. | വാർഡ് 02 – വിവിധ റോഡുകളുടെ പുനരുദ്ധാരണം(44/17, 82/18, 122/19)<br>അടങ്കൽ : 354785(MGR)<br>കരാറുകാരൻ: കെ.പി.ജോൺ<br>പ്രവൃത്തിമൂല്ല്യം : 325303<br>ബിൽ നം./ തീയതി തുക<br>13/18-19/19-05-18 288350/- | 19 | 4522 | 814 |
| 20. | വാർഡ് 13 – വിവിധ റോഡുകളുടെ പുനരുദ്ധാരണം(85/17, 96/18, 125/19)<br>അടങ്കൽ : 354785(MGR)<br>കരാറുകാരൻ: പ്രസാദ്.എ<br>പ്രവൃത്തിമൂല്ല്യം : 352055<br>ബിൽ നം./ തീയതി തുക<br>16/18-19/31-07-18 353055/- | 20 | 4760 | 857 |
| 21. | വാർഡ് 04 – വിവിധ റോഡുകളുടെ പുനരുദ്ധാരണം(47/17, 86/18, 123/19)<br>അടങ്കൽ : 354785(MGR)<br>കരാറുകാരൻ: പ്രസാദ്.എ<br>പ്രവൃത്തിമൂല്ല്യം : 340732<br>ബിൽ നം./ തീയതി തുക<br>17/18-19/31-07-18 340732/- | 20 | 4760 | 857 |
| | ആകെ | 316 | 75208 | 13535 |

ടി പ്രവൃത്തികൾക്ക് വകയിരുത്തിയ ഫണ്ട് മെയിന്റനൻസ് ഗ്രാന്റും ധനകാര്യ കമ്മീഷൻ ഗ്രാന്റും ആയതിനാൽ ബാരൽ വില ഈടാക്കാഞ്ഞതുമൂലം പ്രസ്തുത ഫണ്ടിനുണ്ടായ നഷ്ടവും (75208 രൂപ) ജി.എസ്.ടി ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടവും (13535 രൂപ) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി യഥാക്രമം കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/18-02-2020) അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കാലി ബാരലിന്റെ

വിലയും ജി.എസ്.ടിയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്. ബാരൽ വില ഇനത്തിൽ അധികം നൽകിയ തുക 75208 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഒടുക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാത്ത പക്ഷം കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്.

ജി.ഒ.പി.13/2012 പി.ഡബ്ല്യു.ഡി/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ആണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത പ്രവൃത്തികളിൽ കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സിയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം[സെക്ഷൻ 2116(1)].

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയതും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതും ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങാത്തതുമായ ഏതാനും പ്രവൃത്തികൾക്ക് കാലവിളംബത്തിന് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പി.എ.സി | കാലതാമസം (ആഴ്ച) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | ശാന്തി നികേതനം KNM സ്കൂൾ റോഡ് പുനരുദ്ധാരണം(159/18, 140/19)<br>അടങ്കൽ : 584000/-<br>കരാറുകാരൻ : പി.വിജയകുമാർ<br>എഗ്രിമെന്റ് നം./ തീയതി :26/AE/LSGD/KVR/17-18/15-02-18<br>പ്രവൃത്തിയുടെ കാലാവധി : 40 ദിവസം<br>ആരംഭിച്ച തീയതി : 16-02-18<br>പൂർത്തീകരിച്ച തീയതി: 20-06-18<br>ഫൈനൽ ബിൽ നം. / തീയതി തുക | 566480 | 12 | 6798 |

| | | | | |
|---|---|---|---|---|
| | 23/18-19/14-08-18 417712/-<br>24/18-19/14-08-18 33712/-<br>25/18-19/14-08-18 66287/- | | | |
| 2 | കുഴിയാന്തർപ്പടി പെരുമ്പടി റോഡ് പുനരുദ്ധാരണം(160/18, 141/19)<br>അടങ്കൽ : 484000/-<br>കരാറുകാരൻ : ജിനോ.പി.കുര്യൻ<br>എഗ്രിമെന്റ് നം./ തീയതി :02/AE/LSGD/KVR/17-18/15-11-17<br>പ്രവൃത്തിയുടെ കാലാവധി : 120 ദിവസം<br>ആരംഭിച്ച തീയതി : 16-11-17<br>പൂർത്തീകരിച്ച തീയതി: 22-03-18<br>ഫൈനൽ ബിൽ നം. / തീയതി : 10/18-19/19-05-18 483008/- | 483123 | 1 | 483 |
| 3 | പി.എച്ച്.സി അറ്റകുറ്റപ്പണി(32/18, 126/19)<br>അടങ്കൽ : 500000/-<br>കരാറുകാരൻ : IG.സുകുമാരൻ<br>എഗ്രിമെന്റ് നം./ തീയതി :30/AE/LSGD/KVR/17-18/26-02-18<br>പ്രവൃത്തിയുടെ കാലാവധി : 120 ദിവസം<br>ആരംഭിച്ച തീയതി : 26-02-18<br>പൂർത്തീകരിച്ച തീയതി: 14-07-18<br>ഫൈനൽ ബിൽ നം. / തീയതി :36/18-19/28-01-19 452393/- | 452849.12 | 2 | 906 |
| 4. | വാർഡ് 10 - വിവിധ റോഡുകളുടെ പുനരുദ്ധാരണം(59/17, 145/18, 156/19)<br>അടങ്കൽ : 354785(MGR)<br>എഗ്രിമെന്റ് നം./ തീയതി :14/AE/LSGD/KVR/16-17/03-03-17<br>കരാറുകാരൻ: കെ.പി.ജോൺ<br>പ്രവൃത്തിയുടെ കാലാവധി : 60 ദിവസം<br>ആരംഭിച്ച തീയതി : 03-03-17<br>പൂർത്തീകരിച്ച തീയതി: 22-03-18<br>ബിൽ നം./ തീയതി തുക<br>/16-17/30-03-17 84391/-<br>11/18-19/19-05-18 233484/- | 320607 | 46 | 14748 |

| | | | | |
|---|---|---|---|---|
| 5 | വാർഡ് 02 – വിവിധ റോഡുകളുടെ പുനരുദ്ധാരണം(44/17, 82/18, 122/19)<br>അടങ്കൽ : 354785(MGR)<br>എഗ്രിമെന്റ് നം./ തീയതി :15/AE/LSGD/KVR/16-17/03-03-17<br>കരാറുകാരൻ: കെ.പി.ജോൺ<br>പ്രവൃത്തിയുടെ കാലാവധി : 60 ദിവസം<br>ആരംഭിച്ച തീയതി : 03-03-17<br>പൂർത്തീകരിച്ച തീയതി: 21-03-18<br>ബിൽ നം./ തീയതി തുക<br>13/18-19/19-05-18 288350/- | 322208 | 46 | 14821 |
| 6 | വാർഡ് 13 – വിവിധ റോഡുകളുടെ പുനരുദ്ധാരണം(85/17, 96/18, 125/19)<br>അടങ്കൽ : 354785(MGR)<br>എഗ്രിമെന്റ് നം./ തീയതി :22/AE/LSGD/KVR/16-17/14-03-17<br>കരാറുകാരൻ: പ്രസാദ്.എ<br>പ്രവൃത്തിയുടെ കാലാവധി : 60 ദിവസം<br>ആരംഭിച്ച തീയതി : 14-03-17<br>പൂർത്തീകരിച്ച തീയതി: 24-03-18<br>ബിൽ നം./ തീയതി തുക<br>16/18-19/31-07-18 352055/- | 354785 | 45 | 15965 |
| 7 | വാർഡ് 04 – വിവിധ റോഡുകളുടെ പുനരുദ്ധാരണം(47/17, 86/18, 123/19)<br>അടങ്കൽ : 354785(MGR)<br>എഗ്രിമെന്റ് നം./ തീയതി :21/AE/LSGD/KVR/16-17/14-03-17<br>കരാറുകാരൻ: പ്രസാദ്.എ<br>പ്രവൃത്തിയുടെ കാലാവധി : 60 ദിവസം<br>ആരംഭിച്ച തീയതി : 14-03-17<br>പൂർത്തീകരിച്ച തീയതി: 23-03-18<br>ബിൽ നം./ തീയതി തുക<br>17/18-19/31-07-18 340732/- | 354785 | 45 | 15965 |
| | ആകെ | | | 69686 |

ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/ 20-

02-2020) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പിഴയിനത്തിൽ ലഭിക്കേണ്ടിയിരുന്ന ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും പിഴ ഒടുക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-18 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.25 കോടി രൂപ ലാപ്സാക്കി

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം 39478289/- രൂപ വകയിരുത്തി 96 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതിൽ 34 പ്രവൃത്തികൾ സ്പിൽ ഓവറും 62 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 57 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 52 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളു. സാമ്പത്തിക വർഷാവസാനം സമർപ്പിച്ച 5 പ്രവൃത്തികളുടേതായി 7 ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻ വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 39 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വകയിരുത്തുന്ന തുക എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ അനാസ്ഥമൂലം പ്രവൃത്തികൾ നടപ്പാക്കാതെ കോടികൾ ലാപ്സാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ചതുക | നടപ്പാക്കിയതും ബിൽ ട്രഷറി ക്യൂവിലായതുമായ പദ്ധതി | ലാപ്സായ ബിൽ തുക(7എണ്ണം) |
|---|---|---|---|---|---|
| 103 | 39478289 | 52 | 15658065 | 5 | 1655262 |

വികസന ഫണ്ട് (ജനറൽ,എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്(റോഡ്,നോൺറോഡ്) എന്നിവ വകയിരുത്തിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ മാറാഞ്ഞതു മൂലം പ്രസ്തുത ഫണ്ട് ലാപ്സായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2357200 | 909052 | 1448148 |
| വികസന ഫണ്ട് (എസ്.സി.പി) | 3040000 | 2037668 | 1002332 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8268486 | 4715371 | 3553115 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 11942179 | 6364759 | 5577420 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 2300000 | 1307394 | 992606 |
| ആകെ | | | 12573621 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ ക്യൂവിലായതുമൂലവും 32 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 12573621 രൂപ ലാപ്സാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിന്റെ അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി നിർവഹണ പുരോഗതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലാതാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**(എ)** അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഫോറം 7A യിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

സ്പിൽ ഓവർ പ്രവൃത്തികളുടെ ഫയൽ പുതിയതായി ആരംഭിക്കുകയും മുൻ വർഷം സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രസ്തുത ഫയലിൽ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നു.

മരാമത്ത് പ്രവൃത്തികളുടെ കരാർ ഏറ്റടുക്കുന്ന കരാറുകാർ പണയപ്പെടുത്തുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയായി സമർപ്പിക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിവരം സൂക്ഷിക്കുന്ന രജിസ്റ്ററിൽ എല്ലാ പ്രവൃത്തികളുടെയും വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷത്തെ എല്ലാ പ്രവൃത്തികളുടെയും ആവശ്യമായ വിവരം പ്രോജക്റ്റ് നം.

ക്രമത്തിൽ എഴുതി സൂക്ഷിക്കുന്നതിനും ഡിഫെക്ട് ലയബിലിറ്റി കാലയളവ് തീരുന്ന മുറയ്ക്ക് തിരികെ നൽകുന്നതിന്റെ വിവരവും ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-19 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

തദ്ദേശ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി ജി.ഒ(എം.എസ്) നം.11/18/ തസ്വഭവ/29-01-18 പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണവും സംരക്ഷണവും, ശുചിത്വം, മലിന ജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം, സാമൂഹ്യ ആസ്തികളുടെ നിർമ്മാണം, സംരക്ഷണം, തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും, ശ്മശാനം സ്ഥാപിക്കലും മെയിന്റനൻസും എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗിന് പ്രസ്തുത ഗ്രാന്റ് വകയിരുത്തി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അത്തരത്തിൽ യാതൊരു സാക്ഷ്യപ്പെടുത്തലും ഇല്ലാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തിയുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| റോഡ് കോൺക്രീറ്റിംഗ് | 9 | 1927636 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1927636/-രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർ നടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-20 സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്തിൽതിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കവിയൂർ പുഞ്ചയിലെ വലിയ തോട് നീർച്ചാൽ സംരക്ഷണം (108/19)എന്ന പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായ 200000/-രൂപ ജില്ലാപഞ്ചായത്തിന് കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ലെ വാർഷിക പദ്ധതിയിൽ വികസന ഫണ്ട് 200000/-രൂപ വകയിരുത്തി ജില്ലാപഞ്ചായത്തിന്റെ സംയുക്ത പദ്ധതിയായ ടി നീർച്ചാൽ സംരക്ഷണത്തിനായി ബിൽ നം. 22 /18-19/14-08-18 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ

അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 200000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സർട്ടിഫിക്കറ്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പൊതു ടാപ്പുകളുടെ എണ്ണത്തേക്കാൾ കൂടുതൽ വാട്ടർ ചാർജ് അടവാക്കുന്നു

വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ടിലുള്ളതിനേക്കാൾ അധികമായി 9 ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. പരിശോധനാ റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ചത് 18.08.2019 തീയതിയിലാണ്. സംയുക്ത പരിശോധനാ റിപ്പോർട്ടിൽ നിലവിലുള്ള ടാപ്പുകളുടെ എണ്ണം 166 ആണെന്നാണ് പരാമർശിച്ചിട്ടുള്ളത്. സംയുക്ത പരിശോധന നടത്തുന്നതിന് മുൻപ് വാട്ടർ അതോറിറ്റിയുടെ വെള്ളക്കര ബിൽ പ്രകാരമുള്ള പഞ്ചായത്തിലെ ടാപ്പുകളുടെ എണ്ണം 175 ആയിരുന്നു. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് 2018 ആഗസ്റ്റ് മാസം സംയുക്ത പരിശോധന നടത്തിയെന്നാണ് ജീവനക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞത്. ഇതിനെ സാധൂകരിക്കുന്ന തരത്തിൽ ആഗസ്റ്റ് 2018 ലെ വാട്ടർ ചാർജ് ബില്ലിൽ 166 ടാപ്പുകളുടെ വാട്ടർ ചാർജാണ് ഡിമാന്റ് ചെയ്തിട്ടുള്ളതും പഞ്ചായത്ത് അടച്ചിട്ടുള്ളതും. എന്നാൽ പിന്നീട് 9/2018മുതൽ നാളിതുവരെയുള്ള എല്ലാ ബില്ലുകളിലും പരിശോധന നടത്തുന്നതിനു മുൻപുള്ള 175 ടാപ്പുകളുടെ വാട്ടർ ചാർജാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതും പഞ്ചായത്ത് അടച്ചിട്ടുള്ളതും.

നിലവിൽ 9 ടാപ്പുകളുടെ വെള്ളക്കരം അധികമായി വാട്ടർ അതോറിറ്റിയിൽ അടക്കുന്നു. ഈയിനത്തിൽ പ്രതിമാസം 3938രൂപ വീതം പഞ്ചായത്ത് അധികം നൽകുന്നുണ്ട്. ഈ വിഷയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അധികമായി അടച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പിന്നീടുള്ള ബില്ലുകളിൽ തുക ക്രമീകരിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

## 1-22 ആസ്തി സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിട്ടിയിട്ടില്ല. നിലവിലെ ആസ്തി രജിസ്റ്ററിലെ പല വിവരങ്ങളും തെറ്റാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥലങ്ങളുടേയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഇല്ല. മാത്രവുമല്ല, സ്ഥലങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയോ കരം അടക്കുകയോ ചെയ്യുന്നില്ല.

ആസ്തി രജിസ്റ്ററിലെ തെറ്റായ രേഖപ്പെടുത്തലുകൾ സംബന്ധിച്ച ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന് 96 ഹെക്ടർ നിലം ഉണ്ട്.
2. ഗവ.ഹൈസ്കൂൾ തോട്ടഭാഗം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണ്.

3. എൻ.എസ്സ്.എസ്സ് ഹൈസ്കൂൾ, കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിടമാണ്

ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റിയുടെ 19.02.2019 തീയതിയിലെ തീരുമാനം 1 (അജണ്ട 14)പ്രകാരം പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഇത് സംബന്ധിച്ച് വില്ലേജ് ഓഫീസർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ഡാറ്റാ തയ്യാറാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക ഭൂമിയുടെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1. | നിലം | 581/7, 666/5 | 96 ഹെക്ടർ 1 ആർ | |
| 2. | ഗവ.ആയുർവേദ ഡിസ്പെൻസറി, കവിയൂർ | | 66 ആർ 36 ച.മീ | |
| 3. | വെറ്ററിനറി ആശുപത്രി, കവിയൂർ | | 3 ആർ | |
| 4. | വെറ്ററിനറി ആശുപത്രി, കവിയൂർ | | 66 ആർ | |
| 5. | വി. ഇ. ഒ. ഓഫീസ് | | 66 ആർ | |
| 6. | ഗവ.എൽ.പി.സ്കൂൾ, തോട്ടഭാഗം | 65/1 | 3 ആർ | |
| 7. | ഗവ.ഡിസ്പെൻസറി, കവിയൂർ | | 66 ആർ | |
| 8. | വാർഡ് 2 അങ്കണവാടി | 52/8 | 1 ആർ 21 ച.മീ | |
| 9. | വാർഡ് 3 അങ്കണവാടി | 104/12-1 | 1 ആർ 21 ച.മീ | |
| 10. | ഇടനാട്ടു കടവ് പടിക്കൽ നിന്ന് തെക്കോട്ട് 26.5 മീറ്റർ കഴിഞ്ഞ് 4 മീറ്റർ നീളം 30 മീറ്റർ വീതി | 319/5 | 1 ആർ 20 ച.മീ | |
| 11. | പുത്തൻ പുരയ്ക്കൽ - വരിക്കാട് മുണ്ടക്കയം | | 6 ആർ 68 ച.മീ | |
| 12. | ഐക്കുഴി സെറ്റിൽമെന്റ്കോളനി, സാംസ്കാരിക നിലയം | | 26 ച.മീ | |
| 13. | കസ്തൂരിക്കുന്ന്കോളനി, റ്റി.വി സെന്റർ | | 4 ആർ 86 ച.മീ | |
| 14. | പുന്നിലം ചേന്നൻ പടവ് | | 94 ച.മീ | |
| 15. | കണിയാം പാറ കുന്നന്താനം | | 3 ആർ | |

| | | | | |
|---|---|---|---|---|
| | റോഡ് | | 80 ച.മീ | |
| 16. | ഞാലിക്കണ്ടം കടമൻ കുളം എഫ്.ഡബ്ളിയു.സി അങ്കണവാടി | | 5 ആർ 13 ച.മീ | |
| 17. | പോലന്നാട്ടുപടി, സാംസ്കാരിക നിലയം | | 2 ആർ 9 ച.മീ | |
| 18. | ഗവ.എൽ.പി.ജി.എസ്സ്, പടിഞ്ഞാട്ടുശ്ശേരി, കവിയൂർ | | 16 ആർ 18 ച.മീ | |
| 19. | പി.എച്ച്.സി, പടിഞ്ഞാട്ടുശ്ശേരി, കവിയൂർ | 524/9,524/10,524/12 | 30 ആർ 5 ച.മീ | |
| 20. | പുന്നിലം റ്റി.വി സെന്റർ | | 4 ആർ 86 ച.മീ | |
| 21. | ഞാൽ ഭാഗം അങ്കണവാടി | | 5 ആർ 30 ച.മീ | |
| 22. | ഞാൽഭാഗം, ആയുർവേദാശുപത്രി | | 8 ആർ 16 ച.മീ | |
| 23. | ഷോപ്പിംഗ്കോംപ്ളക്സ്, തോട്ടഭാഗം | | 10 ആർ 68 ച.മീ | |
| 24. | പഞ്ചായത്ത്ഓഫീസ്, അനുബന്ധ കെട്ടിടങ്ങൾ | | 10 ആർ 52 ച.മീ | |
| 25. | കുരുതിക്കാമൽക്കാവ്, അങ്കണവാടി | | 1 ആർ 62 ച.മീ | |

മുകളിൽ ചേർത്തിട്ടുള്ള വസ്തുവകകളുടെ പ്രമാണം, രജിസ്ട്രേഷൻ രേഖകൾ, കരമടച്ചതിന്റെ രേഖകൾ ഇവ ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുകയോ അപ്ഡേറ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ലെന്നു മാത്രമല്ല. ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ കൃത്യവുമല്ല.

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണവും കൃത്യവുമാക്കേണ്ടതും സ്ഥലത്തിന്റെ പ്രമാണം, രജിസ്ട്രേഷൻ രേഖകൾ ഇവ ലഭ്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം

# നൽകിയതുമൂലം അധികച്ചെലവ്

സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതു കാരണം തനതു ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പരസ്യങ്ങൾ നൽകിയതിനാണ് തുക ചെലവഴിച്ചത്.

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 -ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം ഗ്രാമപ്പഞ്ചായത്തിന് പരസ്യചാർജിനത്തിൽ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം,പത്രത്തിന്റെ പേര് | നിരക്ക് | പരസ്യത്തിന്റെ അളവ് | ചെലവായ തുക,ചെക്ക് നമ്പർ/ തീയതി | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1. | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുള്ള പരസ്യം<br>മംഗളം ദിനപ്പത്രം | 70/ ച.സെ.മീ | 10X3.80 | (10X3.80)X70=2660<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)-399<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2261<br>(+)ജി.എസ്സ്.ടി- 5%-113<br>നൽകിയ തുക -2374<br>ബിൽ നമ്പർ-1013250/ 31.12.2018 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71<br>നൽകേണ്ട തുക - 1499 | 862 |
| 2. | എൽ.ഇ.ഡി തെരുവു വിളക്ക് സ്ഥാപിക്കൽ, 3 പൊതുമരാമത്ത് പ്രവൃത്തികൾ | 70/ ച.സെ.മീ | 10X3.80 | (10X3.80)X70=2660<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)-399<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2261<br>(+)ജി.എസ്സ്.ടി- 5%-113<br>നൽകിയ തുക -2374<br>ബിൽ നമ്പർ-1013250/ 31.12.2018 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71<br>നൽകേണ്ട തുക - 1499 | 862 |
| 3. | മരാമത്ത് പ്രവൃത്തികൾ | 70/ച.മീ | 8X5=40 ച.സെ.മീ | (8X5)X70=2800 | (8X3)X70=1680 | 987 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (-)ട്രേഡ് ഡിസ്കൗണ്ട് (15%)- 420<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2380<br>(+)ജി.എസ്സ്.ടി- 5%- 119<br>നൽകിയ തുക - 2499<br>ബിൽ നമ്പർ- 1013254/ 31.12.2018 | (-)ട്രേഡ് ഡിസ്കൗണ്ട് (15%)- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -1428<br>(+)ജി.എസ്സ്.ടി- 5%- 71<br>നൽകേണ്ട തുക - 1499 | |

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് വേണ്ടി വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ടാണ് ഇത്തരത്തിൽ അധികം ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം കർശനമായി പാലിച്ച് അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രവണത ആവർത്തിക്കപ്പെടുന്ന പക്ഷം അധികം ചെലവഴിക്കുന്ന തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

# 1-24 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 52 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 154006/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ തൻ വർഷം ക്ഷേമ നിധി ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക 154006/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-25 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ -2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ

പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് മരാമത്ത് ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യിട്ടില്ല. തൻവർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപയോഗപ്രദമാകത്തക്ക തരത്തിൽ പ്രവർത്തന സജ്ജമാക്കിയിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഗുണമേന്മാ പരിശോധനയിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-26 പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്ന വാങ്ങൽ പ്രോജക്ടുകൾ പ്രകാരം മുൻകൂറായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ തുക അടയ്ക്കുന്നുണ്ടെങ്കിലും മരുന്നുകളും, അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കുന്നില്ല. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥ | ബില്ല് നം. | ബിൽ തുക | ലഭ്യമാക്കാനുള്ള മരുന്നുകൾ (തുക) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| S0001/19<br>പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, കവിയൂർ പി.എച്ച്.സി. | ട്രഷറി ചെക്ക് നം.2505467/ 19.03.2019<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | 80,000<br>രൂപ<br>{ഇതിൽ 45844 രൂപയുടെ മരുന്ന് ലഭിച്ചു} | 34,156രൂപ |

അശരണരും ശയ്യാവലംബരുമായ രോഗികൾക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതാണ്.

# 1-27 അഗതിരഹിത കേരളം പദ്ധതിക്ക് മതിയായ തുക വകയിരുത്തിയില്ല

അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന അഗതിരഹിത കേരളം പദ്ധതിക്കായി ഗ്രാമപ്പഞ്ചായത്ത് മതിയായ തുക വകയിരുത്തുന്നില്ല. 2018-19 സാമ്പത്തിക വർഷം 350000 രൂപ മാത്രമാണ് അസ്സി.സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം സി.ഡി.എസ് -ന് കൈമാറിയിട്ടുള്ളത്. അതിൽ 150000 രൂപ വീതം വീട് പുനരുദ്ധാരണത്തിനായി രണ്ട് പേർക്കും, 5000 രൂപ വീതം പത്ത് പേർക്ക് വാട്ടർ കണക്ഷനും നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ഇനത്തിൽ 500000 രൂപ ലഭിച്ചു. ഇതിൽ 68550 രൂപ ഭക്ഷണക്കിറ്റ് നൽകുന്നതിന് വിനിയോഗിച്ചിട്ടുണ്ട്.

ഭൂരഹിതരായ 9കുടുംബങ്ങൾ, ഭവനരഹിതരായ 23കുടുംബങ്ങൾ, വീടിന് അറ്റകുറ്റപ്പണികൾ ചെയ്യേണ്ട 111 കുടുംബങ്ങൾ, കുടിവെള്ളം ആവശ്യമുള്ള 81കുടുംബങ്ങൾ, വിദ്യാഭ്യാസ സഹായം ആവശ്യമുള്ള 76കുടുംബങ്ങൾ, ചികിത്സ ആവശ്യമുള്ള 172 കുടുംബങ്ങൾ, എന്നിങ്ങനെ നിരവധി കുടുംബങ്ങൾ അംഗീകൃത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഗ്രാമപ്പഞ്ചായത്ത് മതിയായ തുക വകയിരുത്തിയില്ല. തന്മൂലം അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കാതെ പോയി. ആശ്രയ പദ്ധതി ആരംഭിച്ച് ഒരു ദശകം പിന്നിടുമ്പോഴും ഭവനരഹിതരായി ഇപ്പോഴും കുടുംബങ്ങൾ തുടരുന്നു എന്നത് ആശാസ്യമായ കാര്യമല്ല. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ ആവശ്യങ്ങൾക്ക് പ്രധാന്യം നൽകുന്നതിനും മതിയായ തുക വകയിരുത്തി പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 ആശ്രയ ഗുണഭോക്താക്കൾക്ക് പ്രത്യേക പദ്ധതികൾ - മുൻഗണനാക്രമം പാലിക്കുന്നില്ല

157/19 നമ്പർ പ്രൊജക്ട് പ്രകാരം ആശ്രയ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കുന്നതിന് 350000 രൂപ വകയിരുത്തി പ്രൊജക്ട് അംഗീകാരം വാങ്ങിയിട്ടുണ്ട്. 2 ഗുണഭോക്താക്കളെ ഉദ്ദേശിച്ച് നിർവ്വഹിച്ച പ്രൊജക്ടിൽ രണ്ടുപേരും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സി.ഡി.എസ് ലഭ്യമാക്കിയ കണക്കു പ്രകാരം 111 പേർ വീട് റിപ്പയറിംഗും 23പേർ പുതിയവീടും ആവശ്യമുള്ളവരിൽ നാളിതുവരെ 2 പേർക്ക് വീടും 2 പേർക്ക് വീട് റിപ്പയറിംഗിനുള്ള ധനസഹായവും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് ജനറൽ, പട്ടികജാതി വിഭാഗങ്ങളിലായി ആകെ 17600000 രൂപയും വീട് വാസയോഗ്യമാക്കുന്നതിന് 2600000 രൂപയും വകയിരുത്തിയിട്ടുണ്ട്. മേല്പറഞ്ഞതിൽ നിന്നും ആശ്രയ

പ്രൊജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ പൂർണ്ണമായും പരിഗണിക്കാതെ മറ്റ് വിഭാഗങ്ങൾക്ക് ധനസഹായം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടതായി കാണുന്നു. ക്ലേശഘടകങ്ങൾ പരിഗണിക്കുമ്പോൾ ഗ്രാമപ്പഞ്ചായത്തിലെ ഏറ്റവും അർഹരായ ഗുണഭോക്താക്കൾ ആശ്രയ പദ്ധതിയിൽപ്പെട്ടവരാണ്. ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ പ്രഥമപരിഗണന ആശ്രയ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതായിരുന്നു. ഇതിനു പകരം പരിമിതമായ തുക വകയിരുത്തി പ്രത്യേക പ്രോജക്ട് തയ്യാറാക്കുന്നതിലൂടെ, ഈ വിഭാഗത്തിൽപ്പെട്ടവരുടെ മുൻഗണന മറികടന്നുകൊണ്ട് മറ്റുള്ളവർക്ക് ധനസഹായം നല്കുന്നതിന് പഞ്ചായത്ത് അവസരം ഒരുക്കുകയാണ് ചെയ്യുന്നത്.

# 1-29 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല

തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെട്ട സമിതി പഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായതിന്റെ അധീനതയിൽ ആകെ 18 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 9 എണ്ണത്തിനു സ്വന്തമായി കെട്ടിടമുണ്ട്. ഒരെണ്ണം കമ്മ്യൂണിറ്റി കെട്ടിടത്തിൽ വാടകരഹിതമായി പ്രവർത്തിക്കുന്നു. എട്ട് എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മെയിന്റനൻസ് ആവശ്യമുള്ള 4 എണ്ണവും, ചുറ്റുമതിൽ ആവശ്യമുള്ള 3എണ്ണവും സ്വന്തമായി സ്ഥലം ഉണ്ടായിട്ടും (വാർഡ് -2-ലെ അങ്കണവാടി നം.2)കെട്ടിടം പണി ആരംഭിക്കാത്ത ഒരു അങ്കണവാടിയും ഗ്രാമപ്പഞ്ചായത്തിൽ ഉണ്ട്. അങ്കണവാടികൾക്ക് വൈദ്യുതിയും വാട്ടർ കണക്ഷനും നൽകുന്നതിനായി 2018-19വർഷം പ്രൊജക്ടുകൾ വെച്ചിരുന്നെങ്കിലും നടപ്പിലാക്കിയില്ല. (പ്രൊജക്ട് നം.133/19,87/19,105/19) മേൽ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനും, പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# 1-30 ജാഗ്രതാസമിതി - തുക വകയിരുത്തിയെങ്കിലും വിനിയോഗിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന ഫണ്ടിൽ നിന്നും 50000രൂപ വകയിരുത്തിയെങ്കിലും (പ്രോജക്ട് നം-158/18-19) പദ്ധതിക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 18-04-18 ലാണ് ജാഗ്രതാസമിതിയുടെ ആദ്യ യോഗം ചേരുന്നത്. 26-02-19 ൽ രണ്ടാമത് യോഗം ചേർന്നു. 12 ഗ്രാമപ്പഞ്ചായത്തു തല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് രണ്ട് യോഗങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതി മാർഗരേഖ പ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം.എസ്.ഡബ്ളിയു യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000 രൂപാ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതാണ്.

എന്നാൽ പഞ്ചായത്ത് അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. ഇതിനു സാധിക്കാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇതേ ആവശ്യത്തിനു നിയമിച്ചിട്ടുള്ള കൗൺസിലറുടെ സേവനം ഉപയോഗിക്കാവുന്നതുമാണ്. പഞ്ചായത്തിന് ഈ ഒരു സാധ്യത പ്രയോജനപ്പെടുത്തി ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.

## 1-31 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ ശേഷിക്കുന്നു

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2015-16 വർഷം 49704രൂപ ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2016-17 മുതൽ 2018-19 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2016-17 | 49704 | 542224 | 591928 | 320967 | 270961 |
| 2017-18 | 270961 | 290275 | 561236 | 138342 | 422894 |
| 2018-19 | 422894 | 610450 | 103334 | 384015 | 649329 |

31.03.19 ൽ പ്രസ്തുത ഇനത്തിൽ ആകെ 649329 രൂപ അവശേഷിക്കുന്നുണ്ട്. ടി തുകയിൽ 471700 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ എസ്.ബി.ഐ കവിയൂർ ശാഖയിലും, 177629 രൂപ ട്രഷറി അക്കൗണ്ടിലുമാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- ഫണ്ട് വകയിരുത്തിയെങ്കിലും ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രൊജക്ട് നം. 17/19) എന്ന പദ്ധതിയ്ക്കായി 665115 രൂപ വകയിരുത്തിയെങ്കിലും ജില്ലാപ്പഞ്ചായത്ത് വിഹിതമായ 200000 രൂപ ലഭ്യമായില്ല. പ്രൊജക്ട് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപ്പഞ്ചായത്ത് | 315115 | 315115 | 315115 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 114290 | 114290 |

| | | | |
|---|---|---|---|
| ജില്ലാപ്പഞ്ചായത്ത് | 200000 | 0 | 0 |
| ആകെ | 665115 | 429405 | 429405 |

മേൽ പദ്ധതിയ്ക്കായി ഗ്രാമപ്പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 35 പേരിൽ 27 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 8പേര് ശാരീരിക വെല്ലുവിളുകൾ നേരിടുന്നവരും. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഓഡിറ്റ് വർഷം പരമാവധി 13560/- രൂപ നിരക്കിലും ശാരീരിക വെല്ലുവിളുകൾ നേരിടുന്നവർക്ക് 3600രൂപ നിരക്കിലും മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28500 രൂപയും, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ആവശ്യമായ തുക വകയിരുത്താത്തത് കൊണ്ടും അടങ്കൽ വച്ച തുക ലഭ്യമാക്കാത്തതു കൊണ്ടും ആണ്. ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ തുക അനുവദിക്കാൻ നടപടികൾ കൈകൊള്ളാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/18-19, തീയതി-19.02.20) മറുപടി ലഭ്യമാക്കിയില്ല. അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ ഫണ്ടു വകയിരുത്തി പദ്ധതി ആവിഷ്കരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ശമ്പള പരിഷ്കരണകുടിശ്ശിക കുറവായി നൽകി

ഡ്യൂ- ഡ്രോൺ സ്റ്റേറ്റ്മെന്റിലെ തെറ്റായ രേഖപ്പെടുത്തലുകൾ കാരണം ക്ലാർക്ക് ശ്രീ കൃഷ്ണവർമ്മയ്ക്ക്, ശമ്പള കുടിശ്ശിക കുറവായി നൽകി.
ശ്രീ കൃഷ്ണവർമ്മയുടെ, 01.07.2014 -ലെ ശമ്പളം 19000 രൂപാ ശമ്പള സ്കെയിലിൽ 20000 രൂപയായി നിജപ്പെടുത്തിയിരുന്നു. ടിയാന്റെ ഇൻക്രിമെന്റ് ആഗസ്റ്റ് മാസത്തിലാണ്. 01.08.2014 ലെ ശമ്പളം 20550 രൂപയായി നിർണ്ണയിച്ചാണ് കുടിശ്ശിക നൽകേണ്ടിയിരുന്നത്. എന്നാൽ 01.08.2014 മുതൽ 01.07.2015 വരെ അടിസ്ഥാന ശമ്പളം 20000 രൂപയായി നിർണ്ണയിച്ചാണ് കുടിശ്ശിക നൽകിയിട്ടുള്ളത്. പിന്നീട് 01.08.2015 മുതൽ കൃത്യമായാണ് ഡ്യൂ തുക കണക്കാക്കിയിട്ടുള്ളത്.

സ്റ്റേറ്റ്മെന്റിലെ തെറ്റായ രേഖപ്പെടുത്തലുകൾ കാരണം കുടിശ്ശികയിനത്തിൽ കുറവുവന്ന തുക ടിയാന് അനുവദിക്കേണ്ടതാണ്.

## 1-34 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി - പ്രവർത്തനം ക്രിയാത്മകമല്ല

പാലിയേറ്റീവ് കെയർ പ്രൊജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് 2മാസം കൂടുമ്പോഴോ, ആവശ്യാനുസരണമുള്ള ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ്

പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രമാണ് കമ്മറ്റി യോഗം ചേർന്നിരിക്കുന്നത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, പി.എം.സി അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ, വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് കഴിയുന്നിടത്തോളം അതുമായി ബന്ധപ്പെട്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകുവാനും അവരുടെ പ്രത്യേക പ്രശ്നങ്ങൾ ഹോം കെയർ ബന്ധപ്പെട്ട ആയുർവ്വേദ/ ഹോമിയോപ്പതി ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അവരുടെ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ മാത്രമുള്ളതിനാൽ അലോപ്പതി ഡോക്ടറുടെ സേവനം കിടപ്പുരോഗികൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല. ഈ പ്രശ്നം സാന്ത്വന പരിചരണ പദ്ധതിയുടെ വലിയ ഒരു പോരായ്മയാണ്. തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി ആയുർവ്വേദ/ഹോമിയോപ്പതി/അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരെ മാറിമാറി നിയോഗിക്കേണ്ടതാണെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. നിലവിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നുമാണ് കിടപ്പുരോഗികൾക്കുള്ള മരുന്നുകൾ വാങ്ങുന്നത്. എന്നാൽ ഇവിടെനിന്നും യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി ഇടപെടേണ്ടതാണ്.
ഹോം വിസിറ്റിൽ ആയുർവ്വേദ/ഹോമിയോപ്പതി/അലോപ്പതി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുവാനും ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീപ്രൈമറി സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ലാത്തതും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും അക്കാര്യം കാണിച്ച് സർക്കുലറുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 28.07.2016-ലെ സി.ആർ.എം.പി.3048/01/LA1/2016/KeSCPCR നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായി വാങ്ങേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച്

ഉറപ്പാക്കേണ്ടതുമാണന്ന് തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പിന്റെ 30.12.2016-ലെ ഉത്തരവ് നം. 792455/ഇ.ഡബ്ല്യൂ3/2016 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/13.02.202020) മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ 17 സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്നും അതിൽ 11 സ്കൂളുകൾ (3 ഗവൺമെന്റ് സ്കൂളുകളും 8 എയ്ഡഡ് സ്കൂളുകളും)മാത്രമാണ് ഈ അദ്ധ്യന വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുത്തിട്ടുള്ളതെന്നുമാണ് അറിയിച്ചിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നം. go(rt)2427/2007/ge തീയതി 01.08.2007 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ എയ്ഡെഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല LSGD എഞ്ചിനീയർക്ക് ആണ്. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് അപ്പർ പ്രൈമറി സ്കൂൾ വരെ 500 രൂപയും ഹൈസ്കൂൾ മുതൽ 1000 രൂപയുമാണ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾ ഫിറ്റ്നസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

1. ആർച്ച് ബിഷപ്പ് പബ്ലിക് സ്കൂൾ, കോട്ടൂർ
2. ശങ്കരമംഗലം സ്കൂൾ, കവിയൂർ
3. സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുണ്ടിയപ്പള്ളി
4. നീലകണ്ഠവിദ്യാപീഠം, കവിയൂർ
5. മാർത്തോമാ റെസിഡൻഷ്യൽ സ്കൂൾ, കോട്ടൂർ
6. സി.എം.എൽ.പി.സ്കൂൾ, പോളച്ചിറ, കവിയൂർ (എയ്ഡഡ് സ്കൂൾ)

കുട്ടികളുടെ ജീവന് സുരക്ഷ ഉറപ്പാക്കാതെ സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്നുള്ളത് സ്കൂൾ അധികൃതരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. അൺഎയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി ഫീസ് ഈടാക്കാത്തതുമൂലം സർക്കാർ ഫണ്ടിനും നഷ്ടമുണ്ടായിട്ടുണ്ട്.

ഓരോ അദ്ധ്യയന വർഷ തുടക്കത്തിലും സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. പരിഹാര നടപടിക്കായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായനിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13/06/19 | നം.കെ.എസ്.എ.പി.റ്റി.എ.പി1/602(2)/19<br>09.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2018-19 | 337500 | നെൽകൃഷിവികസനം, പ്രൊ.നം. 93/18-19 | 337500 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2018-19 | 35714 | അംഗണവാടികൾക്ക് പാവക്കുട്, പ്രൊ.നം.99/18-19 | 28874 | 6840 |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2018-19 | 114290 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, പ്രൊ.നം.17/18-19 | 114290 | nil |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2018-19 | 400000 | ക്ഷീരകർഷകർക്ക് പാലിന്സബ്സിഡി, പ്രൊ.നം.100/18-19 | 400000 | nil |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2018-19 | 20,00,000 | ലൈഫ്ഭവന നിർമ്മാണപദ്ധതി, പ്രൊ.നം. 28/18-19 | 20,00,000 | nil |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2018-19 | 1552700 | ലൈഫ്ഭവന നിർമ്മാണ പദ്ധതി (ജനറൽ)പ്രൊ.നം.28 /18-19 | 1552700 | nil |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2018-19 | 339733 | ലൈഫ് ഭവനനിർമ്മാണപദ്ധതി (എസ്.സി.പി) പ്രൊ.നം.43 /18-19 | 3,20,000 | 19733 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2018-19 | 50000 | ക്ഷീരകർഷകർക്ക് പാലിന്സബ്സിഡി, പ്രൊ. നം.100/18-19 | 50000 | nil |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2018-19 | 200000 | പാലിയേറ്റീവ് കെയർ പ്രൊ.നം.1/18-19 | 200000 | nil |
| | | 5029937 | | 5003364 | 26573 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.എ.ബി | വാർഡ്7-ലെ ഇലക്ട്രിക്ക് പോസ്റ്റ്മാറ്റി സ്ഥാപിക്കലും സ്ട്രീറ്റ്ലൈൻ വലിക്കലും 168/18-19 | 1. 960712/ 19-12-18 2. 825729/ 21-11-18 | 65564 26751 | 65564 26751 | 0 0 |
| കെ.എസ്.എ.ബി | വാർഡ് 13 ഇലക്ട്രിക്ക് പോസ്റ്റ്-സ്റ്റേ കമ്പിമാറ്റൽ 167/18-19 | 825686/ 21-11-18 | 10199 | 10199 | 0 |
| കെ.എസ്.എ.ബി | എസ്.സി. കോളനികളിൽ ഇലക്ട്രിക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 62/18-19 | 1. 550898/ 19-09-18 2. 569348/ 26-09-18 | 18350 11554 | 18350 11554 | 0 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7107396 രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. വായ്പ ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം.68/2018/ എൽ.എസ്.ജി.ഡി/ 18-05-18 | 7107396 | 0 | 0 | 0 | 7107396 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 6500000 |
| ആകെ | 6500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കവിയൂർ സർവീസ് സഹകരണ ബാങ്ക് | 26/05/18 | ഒരു വർഷം | 6500000 | - |
| ആകെ | | | | 6500000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 90705 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-1. | 36563 | ഉണ്ണികൃഷ്ണൻ കെ, ഹെഡ് ക്ളാർക്ക് | 118020105123/11-03-2019 |
| എ. ജി | 3-6. | 59142 | അസി | 118020500012/ |

| | | | | |
|---|---|---|---|---|
| ഓഡിറ്റ് റിപ്പോർട്ട് | | | എഞ്ചിനീയർ, കവിയൂർ പഞ്ചായത്ത് | 12/07/18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2002-03 | VIII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 | 38 | 2002-03 | VII 3.6(ii) | പെരുമ്പട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 42, 51 | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 49 | 2002-03 | Vil 3.6(iv) | മണ്ണേറ്റ് പടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| | | 2015-16 | 2.1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -യുണൈറ്റഡ് ട്രോപ്പിക്കൽ വിന്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ടി സ്ഥാപനത്തിന്റെ തൊഴിൽ നികുതി 2018 മാർച്ച് മാസം 21-ാം തീയതിയിലെ 117020500060-ാം നമ്പർ രസീതായി ഒടുക്ക് വരുത്തിയിട്ടുണ്ട്. |
| | | 2015-16 | 2.1 | ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിലുടമകളുടെയും വാർഷിക വരുമാന സ്റ്റേറ്റ്മെന്റ് | പരാമർശത്തിൻമേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | സമർപ്പിച്ചതായി കാണുന്നില്ല. | |

# 4-9 ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65603599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67474786 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 275208 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 62118 | ശ്രീ യശോധരൻ.റ്റി.എസ്സ്, അസിസ്റ്റന്റ് എൻജിനീയർ |
| | 13090 | ശ്രീ ശിഹാബുദ്ദീൻ.കെ, അസിസ്റ്റന്റ് എൻജിനീയർ |
| 1-20 | 200000 | ശ്രീ യശോധരൻ.റ്റി.എസ്സ്, അസിസ്റ്റന്റ് എൻജിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-16 | 13535 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| | |

| | |
|---|---|
| ശ്രീ ശിഹാബുദ്ദീൻ.കെ, അസിസ്റ്റന്റ് എൻജിനീയർ | എസ്സ്.എസ്സ്.എ കോട്ടേജ് കുഴനില മതിര.പി.ഒ കൊല്ലം |
| ശ്രീ യശോധരൻ .റ്റി.എസ്സ്, അസിസ്റ്റന്റ് എൻജിനീയർ | തടത്തിൽ പുത്തൻ വീട് മേലൂട്.പി.ഒ അടൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി2/20/2000 തീയതി 19.09.2000<br>എൽ.എഫ്.പി.റ്റി.എ/പി2/314/1999 തീയതി 12.04.2000<br>എൽ.എഫ്.പി.റ്റി.എ/പി3/396/98 തീയതി 3.8.2009 | 2<br>3<br>1 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി4/874/2004 തീയതി 11.05.2005<br>എൽ.എഫ്.പി.റ്റി.എ/പി4/567/99 തീയതി 07.01.2001 | 6<br>1 |
| 1999-00 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ/പി4/878/04 തീയതി 05.07.2005 | 2 |
| 1999-00 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2/97/01 തീയതി 04.02.2002 | 12 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി.4/680/03 തീയതി 01.04.2004 | 5 |
| 2001-02 (DCB & FINAL) | എൽ.എഫ്.പി.റ്റി.എ.പി4/342/05 തീയതി 9.12.2005 | 2 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി5/189/06 തീയതി 6.10.2006 | 13 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.8/536/2006/ തീയതി 12.02.2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5/1133/07 തീയതി 03.04.2008 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി/7/769/11 തീയതി 8.12.2001 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7/770/11 തീയതി 8.12.2011 | 10 |
| 2007-08 മുതൽ 09-10 വരെ | എൽ.എഫ്.പി.റ്റി.എ/പി6/420/2011 തീയതി 10.09.2013 | 2 |
| 2010-11& 11-12 | എൽ.എഫ്.പി.റ്റി.എ/പി/7/992/13 തീയതി 05.02.2014 | 9 |
| 2012-13 | എൽ.എഫ്.പി.റ്റി.എ/പി/7/954/14 തീയതി 23.12.2014 | 8 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി/7/348/2015 തീയതി 28.07.2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.7-680/2016 തീയതി 21.06.2016 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.7-680/2017 തീയതി 21.06.2016 | 31 |
| 2016-17 | കെ.എസ്.എ.പി.റ്റി.എപി.7-1113/2017 തീയതി 07.10.2017 | 48 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.7-/201 തീയതി 07.10.2017 | 32 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.പി.റ്റി.എ.പി7/156/2020 തീയതി : 16.03.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാംവകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 1-11 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# ANNEXURE-1 Audit Certificate

No.KSAPTA.P7/156/2020 Dated 16/03/2020

Certified that I have Audited the Annual Financial Statement of **Kaviyoor Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kaviyoor Grama Panchayat** for the year 2018-19 except the observations in para 1-11 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta